ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 06.07.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. നാല് ദിവസത്തെ ഒഡിഷ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകിട്ട് ഭുവനേശ്വറിലെത്തി.

   **President Draupadi Murmu arrived in Bhubaneswar today evening for a four-day visit to Odisha.**

2. വികസിത ഭാരതമെന്ന ലക്ഷ്യത്തിലേയ്ക്ക് രാജ്യത്തെ നയിക്കുന്നത് യുവാക്കളായിരിക്കുമെന്നും ആ ശ്രമങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക് നിർണായകമാണെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

   **It will be the youth who will lead the country towards the goal of a developed India and the role of the students will be crucial in that endeavour, says Vice President Jagdeep Dhankar.**

3. പാർലമെൻ്റിൻ്റെ ബജറ്റ് സമ്മേളനം ഈ മാസം 22ന് ആരംഭിക്കും. ബജറ്റ് അവതരണം 23ന്.

   **The budget session of Parliament will begin on 22nd of this month. Budget presentation wiil be on 23rd.**

4. മലിനീകരണ നിയന്ത്രണത്തിനായി എണ്ണക്കമ്പനികൾ നടപടികൾ സ്വീകരിച്ചു വരുന്നതായി കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.

   **Union Minister of State Suresh Gopi said that oil companies are taking steps to control pollution.**

5. ഹരാരെയിൽ നടക്കുന്ന ട്വന്റി - 20 പുരുഷ ക്രിക്കറ്റിൽ സിംബാബ്‌വെയ്ക്കെതിരെ ഇന്ത്യയ്ക്ക് 116 റൺസ് വിജയലക്ഷ്യം.

   **India set a target of 116 runs against Zimbabwe in the T20I in Harare.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PREZ - ODISHA

നാല് ദിവസത്തെ ഒഡിഷ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകിട്ട് ഭുവനേശ്വറിലെത്തി. ഒഡീഷ ഗവർണർ രഘുബർ ദാസ്, മുഖ്യമന്ത്രി മോഹൻ ചരൺ മാജി, എന്നിവരോടൊപ്പം മറ്റു പ്രമുഖരും ചേർന്ന് ബിജു പട്നായിക് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും രാഷ്ട്രപതിയെ സ്വീകരിച്ചു. ഭുവനേശ്വറിൽ നടക്കുന്ന പണ്ഡിറ്റ് ഗോപബന്ധു ദാസിന്റെ 96-ാം ചരമവാർഷിക പരിപാടികളിൽ ശ്രീമതി മുർമു ഇന്ന് പങ്കെടുക്കും. നാളെ പുരി ജഗന്നാഥ ക്ഷേത്രത്തിലെ രഥയാത്ര രാഷ്ട്രപതി വീക്ഷിക്കും. ഒഡീഷ സന്ദർശനത്തിനിടെ ഉദയഗിരി ഗുഹ സന്ദർശിക്കുന്ന ശ്രീമതി ദ്രൗപദി മുർമു കോളേജ് വിദ്യാർത്ഥികളുമായി സംവദിക്കും.

&&&&&&&&&&&&&&&&&&&

## HEAD LINE – 2

## VICE PRESIDENT

വികസിത ഭാരതമെന്ന ലക്ഷ്യത്തിലേയ്ക്ക് രാജ്യത്തെ നയിക്കുന്നത് യുവാക്കളായിരിക്കുമെന്നും ആ ശ്രമങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക് നിർണായകമാണെന്നും
ഉപ രാഷ്ട്രപതി ജഗ്ദീപ് ധൻകർ. ഭാരതം,
വികസന പാതയിലാണെന്ന് അന്താരാഷ്ട്ര നാണയ നിധി, ലോക ബാങ്ക് എന്നീ ആഗോള
സംഘടനകൾ അംഗീകരിച്ചിട്ടുള്ളതായും ശ്രീ ധൻകർ പറഞ്ഞു. തിരുവനന്തപുരം വലിയമലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നടന്ന ബിരുദദാന ചടങ്ങിൽ പങ്കെടുത്തു സംസാരിക്കുക ആയിരുന്നു അദ്ദേഹം. യുവാക്കളുടെ താല്പര്യം, കഴിവ്, എന്നിവ വളർത്തിയെടുക്കാൻ രാജ്യത്ത് നിരവധി സാദ്ധ്യതകൾ ഉള്ളതായും 2047 ഓടെ ഇന്ത്യ വികസിത രാഷ്ട്രമാകുമെന്നതിൽ സംശയമില്ലെന്നും അദ്ദേഹം പറഞ്ഞു.
(വോയിസ് ധൻകർ)

ചന്ദ്രയാൻ, ആദിത്യ എൽ 1 ദൗത്യങ്ങൾ എടുത്തു പറഞ്ഞ

ഉപരാഷ്ട്രപതി ,കഴിഞ്ഞ ഒരു വർഷത്തെ ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങൾ പ്രശംസ അർഹിക്കുന്നതായി അഭിപ്രായപ്പെട്ടു . ഈ മേഖലയിൽ ഐ എസ് ആർ ഓ വഹിക്കുന്ന പങ്കിനെ അദ്ദേഹം അഭിനന്ദിച്ചു . മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ ഉപരാഷ്ട്രപതി സമ്മാനിച്ചു. രണ്ടു ദിവസത്തെ സന്ദർശനത്തിന് കേരളത്തിലെത്തിയ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഉച്ച തിരിഞ്ഞ് കൊല്ലത്തെത്തി. ആശ്രാമം മൈതാനത്തെ ഹെലിപ്പാഡിലിറങ്ങിയ ഉപരാഷ്ട്രപതിയെ കൊല്ലം കോർപ്പറേഷൻ മേയർ പ്രസന്ന ഏണസ്റ്റ്, എം. മുകേഷ് എം.എൽ.എ., ജില്ലാ കളക്ടർ എൻ. ദേവീദാസ് എന്നിവർ ചേർന്ന് സ്വീകരിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## PARLIAMENT

പാർലമെൻ്റിൻ്റെ ബജറ്റ് സമ്മേളനം ഈ മാസം 22ന് ആരംഭിക്കും. 2024-25 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് 23 ആം തീയതി ലോക്സഭയിൽ അവതരിപ്പിക്കുമെന്ന് പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. ഓഗസ്റ്റ് 12 വരെ സമ്മേളനം തുടരും . ബജറ്റ് സമ്മേളനത്തിനായി പാർലമെൻറിൻറെ ഇരു സഭകളെയും വിളിച്ചു ചേർക്കാനുള്ള കേന്ദ്ര സർക്കാർ നിർദേശം രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകരിച്ചതായി ശ്രീ കിരൺ റിജിജു സാമൂഹ്യ മാധ്യമത്തിലൂടെ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PM-UK PM STARMER

ബ്രിട്ടൺ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട കെയ്ർ സ്റ്റാർമറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇരു രാജ്യങ്ങളിലെയും ജനങ്ങളുടെ പുരോഗതിക്കും സമൃദ്ധിക്കും ആഗോള നന്മയ്ക്കുമായി സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തത്തിനും ഇന്ത്യ-യുകെ സാമ്പത്തിക ബന്ധങ്ങൾ ശക്തമാക്കുന്നതിനും ഇരുപക്ഷവും പ്രതിജ്ഞാബദ്ധരാണെന്ന് സോഷ്യൽ മീഡിയ പോസ്റ്റിൽ ശ്രീ. മോദി കുറിച്ചു .

&&&&&&&&&&&&&&&&&&&

**PM-IRAN PREZ PEZESHKIAN**

ഇറാൻ പ്രസിഡൻ്റായി തിരഞ്ഞെടുക്കപ്പെട്ട മസൂദ് പെസെഷ്ക്യാനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇരു രാജ്യങ്ങളിലെയും ജനങ്ങളുടെ പ്രയോജനത്തിനായി ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഇറാനുമായി ചേർന്ന് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നതായി സാമൂഹ്യ മാധ്യമ പോസ്റ്റിൽ ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&&

**PM - RUSSIA**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യ, ഓസ്ട്രിയ സന്ദർശനത്തിന് തിങ്കളാഴ്ച തുടക്കമാകും. 22-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി, റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുടിൻറെ ക്ഷണപ്രകാരമാണ് ശ്രീ മോദി മോസ്കോയിലെത്തുന്നത്. പുടിനുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും. പ്രാദേശിക, അന്താരാഷ്ട്ര പ്രാധാന്യമുള്ള സമകാലിക വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്യും. രണ്ട് ദിവസത്തെ റഷ്യൻ സന്ദർശനത്തിനു ശേഷം ഈ മാസം 9, 10 തീയതികളിൽ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കും. ഓസ്ട്രിയൻ പ്രസിഡൻറ് അലക്സാണ്ടർ വാൻ ദേർ ബെലനുമായും, ചാൻസലർ കാൾ നെഹാമറുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. മോസ്കോയിലെയും, വിയന്നയിലെയും ഇന്ത്യൻ സമൂഹത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&&

**JAISHANKAR-UK FS**

വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ, ഇന്ന് യുകെ വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയുമായി ആശയ വിനിമയം നടത്തി . തന്ത്രപരമായ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത ഇരുപക്ഷവും ആവർത്തിച്ച് ഉറപ്പിച്ചതായി സാമൂഹ്യ മാധ്യമത്തിൽ ഡോ ജയശങ്കർ കുറിച്ചു . യുകെ വിദേശകാര്യ

സെക്രട്ടറിയുമായി നേരിട്ടുള്ള കൂടിക്കാഴ്ചയ്ക്കായി കാത്തിരിക്കുകയാണെന്ന് ശ്രീ ജയശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&

**STALIN**

ബി.എസ്.പി സംസ്ഥാന പ്രസിഡന്റ് കെ. ആംസ്ട്രോങ്ങിന്റെ കൊലപാതകത്തെക്കുറിച്ച് എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ കണ്ടെത്താൻ തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ , പോലീസിന് ഉത്തരവ് നൽകി. ഇതുവരെ എട്ടു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നും സംഭവത്തിൽ നടുക്കവും ദുഃഖവും രേഖപ്പെടുത്തുന്നതായും അദ്ദേഹം പറഞ്ഞു.. അതേസമയം, ക്രമസമാധാന നില പാലിക്കുന്നതിൽ ഡിഎംകെ സർക്കാരിന്റെ പരാജയത്തെയാണ് ഈ സംഭവം സൂചിപ്പിക്കുന്നത് എന്ന് കേന്ദ്ര സഹമന്ത്രി ഡോ. എൽ മുരുകൻ പറഞ്ഞു. ഇന്നലെ ചെന്നൈയിൽ വീടിനു മുന്നിൽ വച്ച് ആൾക്കൂട്ട ആക്രമണത്തിലാണ് 52 കാരനായ ആംസ്ട്രോങ് കൊല്ലപ്പെട്ടത്.

&&&&&&&&&&&&&&&&&&

**HEALTH MINISTRY - NEET**

നീറ്റ് യുജി കൗൺസിലിംഗ് മാറ്റിവച്ചതായുള്ള വാർത്ത തെറ്റാണെന്ന് ആരോഗ്യ മന്ത്രാലയം. കൗൺസിലിംഗ് തീയതി തീരുമാനിച്ചിട്ടില്ലെന്നും മന്ത്രാലയം വ്യക്തമാക്കി. കൗൺസിലിംഗ് മാറ്റി വച്ചതായുള്ള മാധ്യമ റിപ്പോർട്ടിനെ തുടർന്നാണ് വിശദീകരണം.

&&&&&&&&&&&&&&&&&&

## HEAD LINE – 5

**CRICKET**

ഹരാരെയിൽ നടക്കുന്ന ട്വന്റി 20 പുരുഷ ക്രിക്കറ്റിൽ സിംബാബ്‌വെയ്ക്കെതിരെ ഇന്ത്യയ്ക്ക് 116 റൺസ് വിജയലക്ഷ്യം. സിംബാബ്‌വെയിലെ ഹരാരെ സ്പോർട്സ് ക്ലബ് സ്റ്റേഡിയത്തിൽ ആരംഭിച്ച കളിയിൽ ടോസ് നേടിയ , ശുഭ് മാൻ ഗില്ലിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം സിംബാബ്‌വെയെ ബാറ്റിങ്ങിനയച്ചു. സിംബാബ്‌വെ നിശ്ചിത 20 ഓവറിൽ 9

വിക്കറ്റ് നഷ്ടത്തിൽ 115 റൺസ് എടുത്തു. ഇന്ത്യയ്ക്കു വേണ്ടി രവി ബിഷ്ണോയ് 4 വിക്കറ്റും വാഷിംഗ്ടൺ സുന്ദർ 2 വിക്കറ്റും വീഴ്ത്തി . മറുപടി ബാറ്റിംഗിൽ ഒടുവിൽ വിവരം കിട്ടുമ്പോൾ ഇന്ത്യ ----- ഓവറിൽ ---- വിക്കറ്റ് നഷ്ടത്തിൽ -------- റൺസെന്ന നിലയിൽ.

&&&&&&&&&&&&&&&&&&

**HEAD LINE – 4**

**SURESH GOPI (INTRO)**

സ്വച്ഛതാ മിഷന്റെ ഭാഗമായി രാജ്യം
വൃത്തിയുള്ളതും മലിനീകരണം കുറഞ്ഞതുമാക്കി
മാറ്റുന്നതിന് എണ്ണക്കമ്പനികൾ വിവിധ നടപടികൾ കൈക്കൊണ്ടു
വരുന്നതായി കേന്ദ്ര സഹമന്ത്രി
സുരേഷ്ഗോപി. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്വച്ഛതാ പക്വട ക്യാമ്പയിൻ
കോഴിക്കോട് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു
അദ്ദേഹം.

കേരളത്തിലെ കണ്ണൂർ മുഴപ്പിലങ്ങാട് ബീച്ചിൻ്റെ ടൂറിസം വികസനത്തിനുള്ള പദ്ധതിക്കുള്ള സാധ്യതകൾ പരിശോധിച്ചു വരുകയാണെന്ന് കേന്ദ്ര സഹമന്ത്രി വ്യക്തമാക്കി.

ഒരു റിപ്പോർട്ട്....... (വോയ്സ്)

**SURESH GOPI (VOICE)**

ജൂലൈ 1 മുതൽ 15 വരെയുള്ള സ്വച്ഛതാ പക്വട
പ്രചാരണത്തിന് മരങ്ങൾ വച്ചുപിടിപ്പിക്കൽ, സാനിറ്റേഷൻ പ്രവർത്തികൾ മെച്ചപ്പെടുത്തൽ തുടങ്ങി നിരവധി പരിപാടികളാണ് എണ്ണക്കമ്പനികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. സെപ്റ്റിക് ടാങ്കുകൾ ശുചിയാക്കാൻറോബോട്ടുകളെ ഉപയോഗിച്ചുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയത് ബിപിസിഎൽ ആണെന്ന് മന്ത്രി
സുരേഷ് ഗോപി ചൂണ്ടിക്കാട്ടി. .

കടലും വിശാലമായ കരയും ചേരുന്ന മുഴപ്പിലങ്ങാട് സാഹസിക ടൂറിസത്തിന് അനുയോജ്യമായതിനാൽ കേന്ദ്ര വിനോദസഞ്ചാര സഹമന്ത്രി എന്ന നിലയിൽ ഈ പ്രദേശത്തിന്റെ

വികസനത്തിനായി പ്രവർത്തിച്ചുവരി കയാണെന്ന് അദ്ദേഹം വ്യക്തമാക്കി.

കോഴിക്കോട് ബീച്ച് ശുചിയാക്കാൻ ഒരു ദിവസം വിദ്യാർത്ഥികൾ തയ്യാറാകണമെന്നും

അന്ന് താനും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാം എന്നും ശ്രീ സുരേഷ്ഗോപി പറഞ്ഞു. ചടങ്ങിൽ എം കെ രാഘവൻ എംപി അധ്യക്ഷത വഹിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി ....

&&&&&&&&&&&&&&&&&&

**SAMPOORNATHA ABHIYAN – IDUKKI**

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന വികസന പദ്ധതിയായ ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാമിന്റെ ഭാഗമായ 'സമ്പൂർണത അഭിയാൻ' പരിപാടിക്ക് ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്കിൽ തുടക്കമായി. നീതി ആയോഗ് യങ് പ്രൊഫഷണൽ ദാമിനി യാദവ് ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. പരിപാടിയുടെ ഭാഗമായി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബ്ലോക്കിലെ അങ്കണവാടികൾ, പി.എം.എ.വൈ പദ്ധതിയിലൂടെ നിർമ്മാണം നടത്തിയ വീടുകൾ, പിന്നോക്കം നിൽക്കുന്ന വിവിധ പ്രദേശങ്ങൾ, തോട്ടം തൊഴിലാളികളുടെ ലയങ്ങൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

&&&&&&&&&&&&&&&&&&

**SAMPOORNATHA ABHIYAN - PALAKKAD**

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും ഇന്ന് സമ്പൂർണതാ അഭിയാൻ കാമ്പയിൻ സംഘടിപ്പിച്ചു. അട്ടപ്പാടിയുടെ തനത് വിത്തിറക്കൽ ഗോത്ര പരിപാടിയായ കമ്പളത്തോടെയാണ് പരിപാടികൾ തുടങ്ങിയത്. ആരോഗ്യ പരിശോധനാ ക്യാമ്പ്, പോഷകാഹാര പ്രദർശനം, മണ്ണ് പരിശോധനാ ക്യാമ്പ് എന്നിവയും ഇതോടൊപ്പം സംഘടിപ്പിച്ചു. നിതി ആയോഗ് യങ് പ്രൊഫഷണൽ രേഷ്മ ഷൈന സാജൻ നേതൃത്വം നൽകി.

&&&&&&&&&&&&&&&&&&

**CM - KERALA**

നിർമിത ബുദ്ധിയുടെ നേട്ടങ്ങൾ തിരിച്ചറിഞ്ഞ് അവയെ പുരോഗമനോൻമുഖമായി ഉപയൊഗിക്കാൻ കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന ചടങ്ങിൽ ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ജില്ലാ അവാർഡുകളുടെ വിതരണവും യുനിസെഫ് തയ്യാറാക്കിയ പഠന റിപ്പോർട്ടിന്റെ പ്രകാശനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നിർമിത ബുദ്ധിയുടെ ഗുണകരമായവയെ

പരിചയപ്പെടുത്തുക, ദോഷകരമായവരെ തിരസ്ക്കരിക്കുക എന്ന കാഴ്ചപ്പാടിലൂന്നിയാണ് നൂതന സാങ്കേതിക വിദ്യയുടെ പഠനവും പ്രയോഗവും സ്കൂളുകളിൽ നടപ്പാക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**CUBAN AMBASSADOR**

റിപ്പബ്ലിക് ഓഫ് ക്യൂബയുടെ അംബാസഡർ ഇൻ ചാർജ് അബെൽ അബെല്ല ഡെസ്പെയിൻ, കേരള ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ.ബിന്ദുവുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ക്യൂബയും കേരളവും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനെപ്പറ്റിയും സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ എന്നിവ ചർച്ചാവിഷയമായി. കൂടാതെ ക്യൂബയിൽ നടത്തുന്ന അന്താരാഷ്ട്ര സെമിനാറിൽ കേരളത്തിൽ നിന്നും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിന്റെ സാധ്യതയും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&